# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 736 — 12.12.2012 ൽ മറുപടിക്ക്

**ചെലവുകുറഞ്ഞതും ഗുണപ്രദവുമായ ചികിത്സാ രീതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>,, കെ. മുഹമ്മദുണ്ണി ഹാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, എം. ഉമ്മർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ). വ്യത്യസ്ത ചികിത്സാ രീതികൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് ചെലവുകുറഞ്ഞതും ഗുണപ്രദവുമായ ചികിത്സ ലഭ്യമാക്കുന്നതിന് വിദേശരാജ്യങ്ങളിൽ നിലവിലുള്ള രീതിയിൽ ഒരു ഹോളിസ്റ്റിക് സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) 2012-13 സാമ്പത്തികവർഷത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികൾ കേന്ദ്രമാക്കി 'ആയുഷ്" ഹോളിസ്റ്റിക് ചികിത്സാ സമ്പ്രദായം ഹോമിയോ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ, എൻ.ആർ.എച്ച്.എം വഴിയുള്ള 'ആയുഷ്' ഫണ്ട് ഉപയോഗിച്ച് സാദ്ധ്യതയുള്ള 22 പി.എച്ച്.സി. കളിൽ കൂടി ടി ചികിത്സാരീതി ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ചില പ്രത്യേക രോഗങ്ങൾക്ക് കൂടുതൽ ഫലപ്രദമായ ചികിത്സ നിലവിലുള്ളതും, കുറഞ്ഞ ചികിത്സാ ചെലവുള്ളതുമായ ചികിത്സാരീതി സാധാരണക്കാരുടെ ചികിത്സയിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) ഹോമിയോപ്പതി ചികിത്സാ സമ്പ്രദായം തികച്ചും സൗജന്യമായി ഹോമിയോപ്പതി വകുപ്പിന് കീഴിൽ നൽകി വരുന്നുണ്ട്. |
| (സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഇക്കാര്യത്തിൽ 2012-13 സാമ്പത്തിക വർഷം മുതൽ ഡയബറ്റിക്, ജീറിയാട്രിക്, മദർ & ചൈൽഡ് കെയർ, എൻഡോസൾഫാൻ, തൈറോയ്ഡ്, ലൈഫ് സ്റ്റൈൽ ഡിസീസ്, 'സ്കൂൾ ഹെൽത്ത് പ്രോഗ്രാം', 'സീതാലയം' എന്നീ പദ്ധതികൾ ഹോമിയോവകുപ്പിന് കീഴിലുള്ള വിവിധ ആശുപത്രികളിൽ നടത്തിവരുന്നു. കൂടാതെ ടി സേവനങ്ങൾ എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ